
# സാഹിത്യവും ജീവിതദർശനവും



കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

ജനിച്ചുവളരുന്ന കുട്ടിയെ സ്വന്തം മതം, ആചാരം, വിശ്വാസം മുതലായവ സ്വാധീനിക്കുന്നു. പ്രായമാകുമ്പോൾ, ഈ വിശ്വാസങ്ങളെയൊക്കെ പുനഃപരിശോധന ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യാത്തവർക്കു സാഹിത്യകാരന്മാരെന്ന നിലയ്ക്കു സ്ഥായിയായ സ്വാധീനം സമുദായത്തിൽ ചെലുത്താൻ കഴിയില്ല. ഒരു സാഹിത്യകാരനെന്ന നിലയ്ക്ക് അമാനുഷസിദ്ധികളുണ്ടായിരുന്നു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്. എന്നാൽ അദ്ദേഹത്തിനു പ്രത്യേകമായ ഒരു വീക്ഷണമുണ്ടായിരുന്നില്ല. സ്വന്തം വീക്ഷണത്തെ പുനഃപരിശോധന ചെയ്തില്ല. അദ്ദേഹത്തിന്റെ വീക്ഷണം സങ്കുചിതവും യാഥാസ്ഥിതികവുമായിരുന്നു.




ഫ്രോയ്ഡ്

'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന ദർശനം പണ്ടേ മുതൽക്കു ഭാരതീയർക്കുള്ളതാണ്. ഇത് എല്ലാവർക്കും സ്വീകാര്യമാണ്. ഇന്നതിന്റെ ഭാഷ സോഷ്യലിസം എന്നതാണ്. ഗീതയിലും, ക്രിസ്തുമതത്തിലും സോഷ്യലിസമുണ്ടെന്നു വാദിക്കുന്നതു വ്യർത്ഥമാണ് നമ്മുടെ ജീവിതത്തെ എങ്ങനെ രൂപപ്പെടുത്തണം, എന്തായിരിക്കണം അതിന്റെ സ്വഭാവം എന്നു നമുക്കു തിട്ടംവേണം.



ഡാർവിൻ

സമഗ്രമായ വീക്ഷണം സാഹിത്യകാരന്മാർക്കുണ്ടാകണം. ശാസ്ത്രകാരന്മാരെ, എടുക്കാം: സമഗ്രവീക്ഷണമില്ലാത്തവർക്കുദാഹരണമായി. ഡാർവിൻ പരിണാമസിദ്ധാന്തമവതരിപ്പിച്ചു. മാർക്സ് ജീവിതത്തിന്റെ അടിസ്ഥാനശക്തി സാമ്പത്തികകാര്യങ്ങളാണെന്നു വാദിച്ചു. രണ്ടും പ്രധാനപ്പെട്ട ദർശനങ്ങളാണ്. പക്ഷേ, രണ്ടും ഭാഗിക വീക്ഷണങ്ങളാണ്. ഫ്രോയ്ഡ് ജീവിതവീക്ഷണത്തിൽ വരുത്തിയ വിപ്ലവത്തിനും ഇതേ ന്യൂനതയുണ്ട്. ജീവിതത്തിൽ എല്ലാത്തിന്റെയും അടിസ്ഥാനം ലൈംഗികപ്രേരണയാണെന്നു വരുത്താനുള്ള ശ്രമമായിത്തീർന്നു ഫ്രോയിഡിന്റേത്.



മാർക്സ്

ഇതു സ്പെഷ്യലിസ്റ്റുകളുടെ കാലമാണ്. പക്ഷേ, സ്വന്തം രംഗത്തു മാത്രമാണു സ്പെഷ്യലിസ്റ്റുകൾ സ്പെഷ്യലൈസ് ചെയ്യുന്നത്. ബാക്കി ജീവിതാംഗങ്ങളുടെ കാര്യത്തിൽ അവർ അന്ധരാണ്. മനുഷ്യജീവിതം വളരെ സങ്കീർണ്ണമാണ്. എത്ര പഠിച്ചാലും എല്ലാം ബോദ്ധ്യമാവില്ല. എല്ലാറ്റിലും വിദഗ്ദ്ധരായിട്ട് ആരുമില്ല. സാഹിത്യകാരൻ അങ്ങനെയായാൽ പോരാ; ജീവിതത്തെപ്പറ്റി സമഗ്രമായ ഒരു ബോധം എഴുത്തുകാരനുണ്ടാവണം.



ടാഗോർ

ഇത് ഏകലോകത്തിന്റെ കാലമാണ്. ദേശാഭിമാനത്തിനുപോലും ഇന്നു പരിമിതികളുണ്ട്. 'എന്റെ ആളുകൾ, നാട്ട്, രാജ്യം' എന്നല്ല, 'എന്റെ ലോകം' എന്ന വീക്ഷണം എഴുത്തുകാരനു വേണം. ഇക്കാര്യത്തിൽ ടാഗോറാണ് ഏറ്റവും അനുകരണീയനായിട്ടുള്ളത്.

പക്ഷേ, ഈ ശാസ്ത്രീയയുഗത്തിലും ചിലർ മതത്തിന്റെയും ജാതിയുടെയും ക്ഷുദ്രമായ സങ്കുചിതത്വത്തിന്റെയും മതിൽക്കെട്ടുകൾക്കുള്ളിൽ പരതന്ത്രരായിക്കിടക്കുകയാണ്.

എഴുത്തുകാരന് സ്വന്തമായ, ശാസ്ത്രീയമായ ഒരു വീക്ഷണം വേണം. താൻ കാണുന്നപടിക്കേ ഒരാൾ എഴുതിക്കൂടൂ. അയാൾ ഗ്രാമഫോൺപ്ലെയിറ്റായാൽ പറ്റില്ല.

മനുഷ്യർക്ക് പൊതുവിൽ ഒരു ജീവിതദർശനം ഉണ്ടായാൽ നന്ന്. സാധാരണ മനുഷ്യർക്കു അങ്ങനെയൊന്നുണ്ടാവുക എളുപ്പമല്ല. എന്നാൽ തങ്ങളുടെ കൃതികളിലൂടെ മറ്റുള്ളവരെ സ്വാധീനിക്കുന്ന സാഹിത്യകാരന്മാർക്കു സ്വന്തമായ ഒരു ദർശനമുണ്ടായേ പറ്റൂ.

1962 ഏപ്രിൽ 25-ാം തീയതി കോഴിക്കോട്ടു ചെറുകഥാകാരന്മാരുടെ ക്യാമ്പിൽ ചെയ്ത പ്രസംഗം.

(വിമർശനവും വീക്ഷണവും)

□

